എച്ച്.എസ്.എ. നിയമനം

60 (2989)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നിലവിലുള്ള എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസ് തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകി എന്ന് വെളിപ്പെടുത്തുമോ; നിയമനത്തിന് ശുപാർശ ചെയ്ത വരുടെ ജാതി തിരിച്ചുള്ള റാങ്ക് വിവരം വെളിപ്പെടുത്തുമോ;

(ബി) ഈ ലിസ്റ്റിൽ നിന്നും പരമാവധി ആളുകൾക്ക് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാലുപേർക്ക് നിയമനം നൽകി.

പട്ടികജാതി	-	1
പട്ടികവർഗ്ഗം	-	1
ക്രിസ്ത്യൻ	-	1
ഈഴവ	-	1
ആകെ		4

(ബി) ലഭ്യമാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ പരമാവധി നിയമനം നൽകുന്നതാണ്.

ആരോഗ്യ വകുപ്പിലെ നിയമനം

61 (2990)ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ കൊല്ലം ജില്ലയിലേക്ക് ഫീൽഡ് വർക്കർമാരായി തിരഞ്ഞെടുക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്;

(ബി) ഈ ലിസ്റ്റിൽ നിന്നും എത്രപേരെ ഇതുവരെ നിയമിച്ചു; ഈ ലിസ്റ്റിന്റെ കാലാവധി എന്നത്തേയ്ക്ക് അവസാനിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ലിസ്റ്റിൽനിന്നുള്ള നിയമനത്തിനായി വേക്കൻസികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) ഈ ലിസ്റ്റിൽനിന്നും കൂടുതൽ പേരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 20.11.1997-ൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(ബി) ഈ ലിസ്റ്റിൽ നിന്ന് 32 പേരെ ഇതുവരെ നിയമിച്ചിട്ടുണ്ട്. 20.11.2000-ൽ ലിസ്റ്റിന്റെ കാലാവധി അവസാനിക്കും.

LIBRARY ARCHIVES Kerala Legislative Assembly